## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1983

17.03.2015-ൽ മറുപടിക്ക്

# സി-ആപ്റ്റിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ. നാരായണൻ | **രമേശ് ചെന്നിത്തല**<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| (എ) സി-ആപ്റ്റിലെ അഴിമതിയുമായി ബന്ധപ്പെട്ട് എം.ഡിയ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) സി-ആപ്റ്റിനെ വിശ്വസിച്ച് ഏൽപിച്ച ലോട്ടറി ടിക്കറ്റുകളുടെ അച്ചടി പുറം കരാർ നൽകിയതും സ്വന്തമായുള്ള യന്ത്രങ്ങളുടെ പ്രവർത്തനം നിർത്തിവച്ച് ടിക്കറ്റുകളിൽ ബാർകോഡും നമ്പറും ഇടാൻ മാനദണ്ഡങ്ങൾ ലംഘിച്ച് സ്വകാര്യ പ്രസ്സിന് പുറം കരാർ നൽകിയതിലെയും മറ്റും ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം (വി.ഇ.3/14/എസ്.ഐ.യു-11) നടന്നു വരുന്നു. വിജിലൻസ് അന്വേഷണം പുരോഗതിയിൽ ആണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം രേഖകളാണ് സ്ഥാപനത്തിൽ നിന്നും വിജിലൻസ് എടുത്തിട്ടുള്ളത് ; | (ബി) പ്രസ്തുത വിഷയം വിജിലൻസ് അന്വേഷണഘട്ടത്തിൽ ആയതിനാൽ അന്വേഷണം പൂർത്തിയായാൽ മാത്രമേ മറ്റു വിവരങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. |
| (സി) വിജിലൻസ് അന്വേഷണത്തിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; | (സി) വിജിലൻസ് അന്വേഷണത്തിന് യാതൊരു തരത്തിലുള്ള തടസ്സങ്ങളും ഉണ്ടായിട്ടില്ല. |
| (ഡി) പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ